(ബി) എങ്കിൽ എത്ര കേസുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസുകൾ പിൻവലിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ഡി) പണിമുടക്ക് ഒത്തുതീർപ്പാവുകയും സിവിൽ സർവ്വീസിന്റെ പ്രവർത്തനം സാധാരണ നിലയിൽ ആവുകയും ചെയ്ത സാഹചര്യത്തിൽ പണിമുടക്കുമായി ബന്ധപ്പെട്ട എല്ലാ കേസുകളും പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 291 കേസ്സുകൾ.

(സി & ഡി) സർക്കാർ ജീവനക്കാരുടേയും, അദ്ധ്യാപകരുടേയും, 2002-ലെ പണിമുടക്കുമായി ബന്ധപ്പെട്ട് 'കെസ്മ' പ്രകാരം ചാർജ് ചെയ്ത എല്ലാ കേസുകളും (തീവ്രസ്വഭാവമുള്ളത് ഒഴികെ) കോടതികളുടെ അനുമതിയോടും, സി. ആർ. പി. സി. 321-നു വിധേയമായും പിൻവലിക്കുവാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് സർക്കാർ 2002-മാർച്ച് മാസം തന്നെ നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് അത്തരത്തിലുള്ള കേസുകൾ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തീവ്ര സ്വഭാവമുള്ള കേസ്സുകൾ (പൊതുമുതൽ നശിപ്പിക്കൽ, ശാരീരിക ക്ഷതം ഏല്പിക്കൽ, നായക്കുരണ പൊടി, കരിഓയിൽ പ്രയോഗം മുതലായവ) പിൻവലിക്കുന്നതു സംബന്ധിച്ച് നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല.

അസംബ്ലി മണ്ഡലങ്ങളുടെ പുനർനിർണ്ണയം

16 [3386] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ബി) പുനർനിർണ്ണയം എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(സി) അസംബ്ലി നിയോജകമണ്ഡലങ്ങൾ പുനർനിർണ്ണയിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ റവന്യൂ ജില്ലയിലേയും ജനങ്ങളും പ്രദേശങ്ങളും മറ്റു ജില്ലകളിലേക്ക് കൂട്ടിച്ചേർക്കപ്പെടാതെ നിർദ്ദിഷ്ട മണ്ഡലം വിഭജനം നടത്താൻ നിർദ്ദേശിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയോജക മണ്ഡലങ്ങളുടെ പുനർനിർണ്ണയം നടത്തുന്നത് കേന്ദ്ര ഡീലിമിറ്റേഷൻ കമ്മീഷൻ ആയതിനാൽ, 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്കുകൾ സമർപ്പിക്കുവാൻ മാത്രമേ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ളു.

(ബി) പുനർനിർണ്ണയം എന്നത്തേക്ക് പൂർത്തിയാകുമെന്ന് കമ്മീഷൻ അറിയിച്ചിട്ടില്ല.

(സി) 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒരു നിയോജകമണ്ഡലത്തിന്റെ ശരാശരി ജനസംഖ്യ കണക്കാക്കി ഓരോ ജില്ലയ്ക്കും ലഭിക്കേണ്ട മണ്ഡലങ്ങളുടെ എണ്ണം നിർണ്ണയിക്കുകയും തുടർന്ന് അതിർത്തി നിർണ്ണയം നടത്തുകയുമാണ് മാനദണ്ഡം.

(ഡി) ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് ഡീലിമിറ്റേഷൻ കമ്മീഷനാണ്.

ആരോഗ്യപ്പച്ചയിൽ നിന്നുമുള്ള ജീവനി എന്ന ഉൽപ്പന്നത്തിന്റെ പേറ്റന്റ്

17 [3389] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകവാണിജ്യ കരാറനുസരിച്ചുള്ള ഭൗതിക സ്വത്തവകാശ നിയമങ്ങളും അതിനോടനുബന്ധിച്ചുള്ള പേറ്റന്റ് വ്യവസ്ഥകളും അനുസരിച്ച് കേരളത്തിലെ ഏതെല്ലാം ഉല്പന്നങ്ങൾക്ക് അവകാശം സ്ഥിരീകരിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യപ്പച്ചയിൽ നിന്നും ഉല്പാദിപ്പിച്ച ജീവനി എന്ന ഉത്പന്നത്തിന് സംസ്ഥാന സർക്കാർ പേറ്റന്റ് നേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഉല്പന്നം അമേരിക്കയിൽ അനധികൃതമായി വിറ്റുവരുന്നുവെന്ന പത്ര റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഉല്പന്നത്തിന് അമേരിക്കയിൽ ഔഷധങ്ങളുടെ കൂട്ടത്തിലാണോ ഭക്ഷ്യ സപ്ലിമെന്റുകളുടെ കൂട്ടത്തിലാണോ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) കേരളത്തിലെ നാട്ടറിവും അപൂർവ്വമായ ജൈവവൈവിദ്ധ്യ വിഭവങ്ങളും വിദേശീയർ കടത്തിക്കൊണ്ടുപോകുന്നതും അവയിൻമേൽ ഭൗതിക സ്വത്തവകാശം സ്ഥാപിച്ചെടുക്കുന്നതും തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly